മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ

ചെങ്ങന്നൂർ ഭദ്രാസനം

# അനശ്വരം

## മാർ അത്താനാസിയോസ് സ്മൃതി



ബഥേൽ പത്രിക സ്പെഷ്യൽ

*Prayerful*
Remembrance

## ERAPUZHA FAMILY






1 MEMORIAL FEAST

തോമസ് മാർ അത്താനാസിയോസ്
മെത്രാപ്പോലീത്ത
ഒന്നാം ഓർമ്മപ്പെരുന്നാൾ

**PUBLICITY COMMITTEE**























**ഒന്നാം ഓർമ്മപ്പെരുന്നാൾ**
**പബ്ളിസിറ്റി കമ്മറ്റി**

അഭി. ഡോ. മാത്യൂസ് മാർ തിമോത്തിയോസ് മെത്രാപ്പോലീത്ത
ഫാ. മാത്യു ഏബ്രഹാം കാരയ്ക്കൽ
ഫാ. ഏബ്രഹാം കോശി കുന്നുപ്പുറത്ത്
ഫാ. സ്റ്റീഫൻ വർഗീസ്
ഫാ. റെന്നി തോമസ്
ശ്രീ. പി.വി. ജോൺ
അഡ്വ. രാജൻ ഏബ്രഹാം
ശ്രീ. രാജൻ കെ. കോശി
ശ്രീ. പി.എം. ശാമുവേൽ
ശ്രീ. ബിനോയി പി. ജോർജ്ജ്

Edited & Published by:
**Onnam Orma Perunnal**
**Publicity Committee**
**Bethel Aramana P.B.No. 38,**
**Chengannur - 689 121, Kerala**

Design & Print:
**Crayons Media,**
Thiruvalla, +91 9495901381



For Private Circulation only

**ബഥേൽ പത്രിക**
**പത്രാധിപസമിതി**

**മാനേജിംഗ് എഡിറ്റർ**
അഭി. ഡോ. മാത്യൂസ് മാർ തീമോത്തിയോസ് മെത്രാപ്പോലീത്ത

**പബ്ലീഷർ**
റവ. ഫാ. മാത്യു ഏബ്രഹാം കാരയ്ക്കൽ

**ചീഫ് എഡിറ്റർ**
റവ. ഫാ. ഐപ്പ് പി സാം

**എക്സിക്യൂട്ടീവ് എഡിറ്റർ**
റവ. ഫാ. ഷിബു വർഗീസ്

**എഡിറ്റർ**
ശ്രീ. ജേക്കബ് ഉമ്മൻ

**അസോസിയേറ്റ് എഡിറ്റർ**
റവ. ഫാ. ജോബിൻ ശമുവേൽ

**സർക്കുലേഷൻ**
റവ. ഡീക്കൻ ഒബിൻ ജോസഫ്
റവ. ഡീക്കൻ റ്റിനോ തങ്കച്ചൻ

**വെബ് അഡ്മിനിസ്ട്രേറ്റർ**
റവ. ഫാ. ജിജോ കെ. ജോയി

**അംഗങ്ങൾ**
റവ. ഫാ. ഡോ. തോമസ് വർഗീസ് അമയിൽ
റവ. ഫാ. ഏബ്രഹാം കോശി കുന്നുംപുറത്ത്
ശ്രീ. ഏബ്രഹാം മാത്യു വീരപ്പള്ളി
ശ്രീ. വർഗീസ് ജോൺ തോട്ടപ്പുഴ
ശ്രീ. സിബി മത്തായി
ശ്രീ. ജോബിൻ കെ. ജോർജ്ജ്
ശ്രീമതി സാലി തോമസ്
ശ്രീമതി സുമ കുര്യാക്കോസ്

**ബിസിനസ്സ് പ്രൊമോട്ടർ**
ശ്രീ. തോമസ് ജോസഫ്



# അനുഗൃഹീത പാരമ്പര്യത്തിന്റെ ഇളമുറക്കാരൻ

**ബസ്സേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ**

വ്യക്തിപരമായി എന്റെ ജ്യേഷ്ഠ സഹോദരനായിരുന്ന അഭിവന്ദ്യ തോമസ മാർ അത്താനാസിയോസ് തിരുമേനി നമ്മിൽ നിന്ന് ദൈവസന്നിധിയിലേക്ക് ചേർക്കപ്പെട്ടിരിക്കുന്നു. ബഹുമാനപ്പെട്ട കെ.റ്റി. തോമസ് അച്ചനെ ഞാൻ പരിചയപ്പെടുന്നത് 1982 ഡിസംബർ 28 തിരുവല്ല എം.ജി.എം. സ്കൂൾ ഗ്രൗണ്ടിൽ നടന്ന അസോസിയേഷൻ സമ്മേളനത്തിലാണ്. ഒരു വർഷത്തിന് ശേഷം ഞങ്ങൾ അഞ്ച് പേരെ റമ്പാൻ സ്ഥാനത്തേക്ക് പരി. വട്ടക്കുന്നേൽ ബാവ ഉയർത്തി. അഞ്ച് പേരിൽ അഭി. അത്താനാസിയോസ് തിരുമേനി എനിക്ക് ജ്യേഷ്ഠ സഹോദരനായിരുന്നു. ആത്മബന്ധം വ്യക്തിപരമായി ഞങ്ങൾ പുലർത്തിയിരുന്നു. അടുത്തകാലത്ത് ബറോഡയിലോ ഉത്തരഭാരതത്തിലോ പോയി വരുമ്പോൾ ഏതാനും കൃഷിഫലങ്ങൾ ദേവലോകത്ത് കൊണ്ടുവന്ന് തരുമായിരുന്നു. അങ്ങനെ സ്നേഹിച്ച ഇടയനായിരുന്നു തിരുമേനി.

1982 ഡിസംബറിൽ തെരഞ്ഞെടുക്കപ്പെട്ട് തുടർന്ന് റമ്പാനായി 1985 മേയ് 15 വരെ റമ്പാന്മാരായി കഴിഞ്ഞു. ആ സമയത്ത് അന്നത്തെ ബാവ പറഞ്ഞു അഞ്ച് റമ്പാന്മാരും പരുമല സെമിനാരിയിൽ പോയി താമസിക്കണം. അവിടെ യൂഹാനോൻ മാർ സേവേറിയോസ് തിരുമേനിയുണ്ട്. മേൽപട്ട ശുശ്രൂഷയുടെ എല്ലാ പരിശീലനവും ലഭിക്കും എന്ന് കല്പിച്ച് അയച്ചു. 1985 വരെ ഞങ്ങൾ ഒരുമിച്ച് താമസിച്ചു. ആ കാലത്ത് അഭി. അത്താനാസിയോസ് തിരുമേനിയെ കൂടുതൽ അറിയുവാൻ ഇടയായി. ഞങ്ങൾ മൂന്ന് റമ്പാന്മാരെ അദ്ദേഹം ബറോഡയിലേക്ക് കൊണ്ടുപോയി. അഭി. എപ്പിഫാനിയോസ് തിരുമേനി, അഭി. യൗസേബിയോസ് തിരുമേനി, ഞാനും ഉൾപ്പെടെ ഒരു മാസത്തോളം ബറോഡയിൽ കെ.റ്റി. തോമസ് റമ്പാച്ചനൊപ്പം താമസിച്ച് അദ്ദേഹത്തിന്റെ പ്രവർത്തന മേഖലകൾ യാത്ര ചെയ്ത് കാണുവാനിടയായി. വിദ്യാഭ്യാസ മേഖലയിലെ ദീർഘവീക്ഷണവും താല്പര്യവും അതിനുവേണ്ടി നിർവ്വഹിക്കുന്ന അത്യദ്ധ്വാനവും നേരിട്ട് മനസ്സിലാക്കാൻ സാധിച്ചു. ചെങ്ങന്നൂർ ഭദ്രാസനം പ്രഖ്യാപിക്കപ്പെട്ടപ്പോൾ അഭിവന്ദ്യ തോമസ് മാർ അത്താനാസിയോസ് തിരുമേനിയെതന്നെ വേണമെന്ന് ചെങ്ങന്നൂരിലെ പ്രഗത്ഭരായ വൈദീകർ പരി. വട്ടക്കുന്നേൽ ബാവായോട് ആവശ്യപ്പെട്ടു. കാരണം പുത്തൻകാവിൽ കൊച്ചുതിരുമേനിയുടെ പിതൃ സഹോദരപുത്രനാണ് അദ്ദേഹം. അനുഗ്രഹീത പാരമ്പര്യത്തിന്റെ അവകാശവും തിരുമേനിക്കുണ്ട്. പുത്തൻകാവിൽ കൊച്ചുതിരുമേനി എന്നെ സംബന്ധിച്ചിടത്തോളം ഒരു വികാരമാണ്. ആ കുടുംബവഴിയിൽ ഇളംതലമുറക്കാരനായി മാർ അത്താനാസിയോസ് തിരുമേനി ഇരുന്നത് സന്തോഷപൂർവ്വം മലങ്കര സഭ സ്വീകരിച്ചു. അഭി. അത്താനാസിയോസ് തിരുമേനിയുടെ ഭരണപരമായ ചിട്ടകൾ വളരെ കൃത്യതയോടെ ഞങ്ങൾക്ക് കണ്ടുപഠിക്കുവാൻ സാധിച്ചു. മലങ്കര സഭയുടെ മെത്രാപ്പോലീത്ത ഭരണാധിപൻ എന്ന നിലയിലുള്ള ഓരോ നടപടികളും വളരെ കൃത്യമായി ഉപയോഗിക്കുവാനുള്ള ചിന്തയും അറിവും ഉണ്ടാകണം. അത്തരത്തിൽ തിരുമേനിയുടെ ഭരണ നൈപുണ്യം ശ്രദ്ധേയമാണ്. സഭയുടെ ഭരണക്രമത്തെക്കുറിച്ചുള്ള ദർശനം സഹോദര മേല്പട്ടക്കാർക്ക് പകർന്നു നല്കിയ ഇടയനായിരുന്നു അഭി. തിരുമേനി.

തിരുമേനിയുടെ വേർപാട് മലങ്കര സഭയ്ക്ക് തീരാ നഷ്ടമാണ്. വളരെ ഒരുക്കത്തോടെയാണ് ദൈവസന്നിധിയിലേക്ക് യാത്രയായത്. സഭയ്ക്ക് ഉണ്ടായ വലിയ നഷ്ടം നികത്തപ്പെടുക എളുപ്പമല്ല.

*With fond memories and remembrances*



# KIZHAKETHALAKAL FAMILY



THOMA KATHANAR



GEEVARGHESE MAR PHILOXENOS





K.T. THOMAS



ALEYAMMA THOMAS

## ജീവിതരേഖ

| | | |
|---|---|---|
| ജനനം | : | 1938 ഏപ്രിൽ 3 |
| മാതാപിതാക്കൾ | : | പുത്തൻകാവ് കിഴക്കേതലയ്ക്കൽ<br>കെ.റ്റി തോമസ്, ഏലിയാമ്മ തോമസ് |
| വിദ്യാഭ്യാസം | : | മെട്രോപോലീത്തൻ ഹൈസ്കൂൾ,<br>പുത്തൻകാവ്, എം.റ്റി. സെമിനാരി സ്കൂൾ, കോട്ടയം<br>ഇന്റർമീഡിയറ്റ് (സി.എം.എസ്. കോളേജ്, കോട്ടയം)<br>ബി.എസ്.സി (ഫിസിക്സ്) (എസ്.ബി. കോളേജ് , ചങ്ങനാശ്ശേരി)<br>ബി.എഡ്. (എൻ.എസ്.എസ്. കോളേജ്, ചങ്ങനാശ്ശേരി)<br>ബി.ഡി. (സെറാംപൂർ കോളേജ് കൽക്കട്ട)<br>മാസ്റ്റർ ഓഫ് എഡ്യുക്കേഷൻ (എം.എഡ്.)<br>(എം.എസ്. യൂണിവേഴ്സിറ്റി, ബറോഡാ) |
| ശെമ്മാശൻ | : | 1970 മെയ് 7 പരിശുദ്ധ ബസേലിയോസ് ഔഗേൻ പ്രഥമൻ<br>കാതോലിക്കാ ബാവാ |
| പൂർണ്ണ ശെമ്മാശൻ | : | 1970 മെയ് 22 ദാനിയേൽ മാർ പീലക്സീനോസ്<br>മെത്രാപ്പോലീത്താ |
| കശ്ശീശാ പട്ടം | : | 1970 മെയ് 26 ദാനിയേൽ മാർ പീലക്സീനോസ്<br>മെത്രാപ്പോലീത്താ |
| റമ്പാൻ | : | 1983 മെയ് 14 മാത്യൂസ് മാർ കൂറിലോസ് മെത്രാപ്പോലീത്താ |
| എപ്പിസ്കോപ്പാ | : | 1985 മെയ് 15 പരിശുദ്ധ ബസേലിയോസ് മാത്യൂസ്<br>പ്രഥമൻ കാതോലിക്കാ ബാവാ |
| സുന്ത്രോണീസോ | : | 1985 ഓഗസ്റ്റ് 25 പരിശുദ്ധ ബസേലിയോസ് മാത്യൂസ്<br>പ്രഥമൻ കാതോലിക്കാ ബാവാ |
| മെത്രാപ്പോലീത്താ | : | 1991 ഒക്ടോബർ 25 പരിശുദ്ധ ബസേലിയോസ് മാത്യൂസ്<br>ദ്വിതിയൻ കാതോലിക്കാ ബാവാ |
| ദേഹവിയോഗം | : | 2018 ഓഗസ്റ്റ് 24 |

*Prayerful*
Remembrance



**ADV. JIJI MATHEW ATTUVA**
Solicitor and Commissioner for Oaths, England & Wales
Mob: **00447428775166**



# കമനീയത പുലർത്തിയ നേതൃശൈലി

ചെങ്ങന്നൂർ ഭദ്രാസന അധിപൻ എന്ന നിലയിൽ നമ്മുടെ തിരുമേനി വി.സഭക്ക് നൽകിയിട്ടുള്ള സേവനങ്ങൾ എല്ലാം ഈ ഒരു താളിൽ വിവരിക്കുന്നതിന് മുതിരുന്നത് ബുദ്ധിപരമല്ല എന്ന ബോധ്യത്തിൽ തന്നെ ചില കാര്യങ്ങൾ ഈ അവസരത്തിൽ പറായാതിരിക്കുന്നതിനും കഴിയുന്നില്ല. ജീവിതചര്യയിലും, ഭരണ നൈപുണ്യത്തിലും ഒരു 'അത്താനാസിയോസ് ടച്ച്' എപ്പോഴും അഭി.പിതാവ് സൂക്ഷിച്ചു എന്ന് പലപ്പോഴും എനിക്ക് തോന്നിയിട്ടുണ്ട്. നമുക്ക് വളരെ നിസാരം എന്ന് തോന്നുന്ന കാര്യങ്ങളിൽ പോലും, വളരെ ശ്രദ്ധയോടെ നോക്കി കാണുന്നു എന്ന തിരുമേനിയുടെ കഴിവ് പ്രശംസിക്കാതിരിക്കാൻ തരമില്ല. വിദ്യാഭ്യാസ വിചക്ഷണൻ, ശ്രേഷ്ഠനായ ഭരണകർത്താവ്, കാർക്കശ്യമുള്ള മെത്രാപ്പോലീത്ത എന്നീ നിലകളിൽ എല്ലാം തന്നെ തന്റേതായ വ്യക്തി മുദ്ര പതിപ്പിച്ച പിതാവാണ് അഭി. തിരുമേനി. വിദ്യാഭ്യാസ മേഖലയിൽ അഭി. തിരുമേനിയുടെ പ്രവർത്തനം എടുത്ത് പറയേണ്ടതാണ്. ഗുജറാത്ത്, രാജസ്ഥാൻ, മഹാരാഷ്ട്ര എന്നിങ്ങനെ കേരളത്തിന് പുറത്തും, സഭയുടെ സ്കൂളുകളുടെ ചുമതലയിൽ ഇരിക്കുമ്പോൾ കേരളത്തിന് അകത്തും ധാരാളം പരിഷ്ക്കാരങ്ങൾ വിദ്യാഭ്യാസ രംഗത്ത് വരുത്തുന്നതിൽ അഭി.തിരുമേനി നിർണ്ണായകമായ പങ്ക് വഹിച്ചു.

ചെങ്ങന്നൂരിന്റെ പ്രഥമ മെത്രാപ്പോലീത്ത എന്ന നിലയിൽ നമ്മുടെ ഈ ഭദ്രാസനത്തെ മറ്റ് ഭദ്രാസനങ്ങളോട് കിടപിടിക്ക തക്കവണ്ണം മികച്ച ഭദ്രാസനമാക്കിതീർത്ത് അതിന്റെ മുഖച്ഛായ തന്നെ തന്റേതായ ഒരു കമനിയത നൽകി അഭൂതപൂർവമായ വളർച്ചയുടെ പന്ഥാവിലേക്ക് നയിച്ചു എന്ന് ഇവിടെ കുറിക്കുന്നതിൽ അദ്ദേഹത്തിന്റെ സഹായ മെത്രാപ്പോലീത്ത എന്ന നിലയിൽ എനിക്ക് അതിയായ സന്തോഷം ഉണ്ട്. മലങ്കര സഭയുടെ ബാഹ്യകേരള ഭദ്രാസനത്തിന്റെ വികസനത്തിൽ അഭി.തിരുമേനിയുടെപ്രവർത്തങ്ങൾ വിലമതിക്കാൻ ആവാത്തതാണ്. ദേവാലയങ്ങൾ ഇല്ലാതിരുന്ന പല പ്രദേശങ്ങളിലും യാത്രാ സൗകര്യങ്ങൾ പോലും ഇല്ലാതെ ദീർഘ ദൂരം സഞ്ചരിച്ച് ദേവാലയങ്ങൾ സ്ഥാപിക്കുന്നതിനും, നമ്മുടെ വിശ്വാസികളെ സഭയോട് ചേർത്ത് നിർത്തുന്നതിനും അഭി.തിരുമേനി വഹിച്ചിട്ടുള്ള ത്യാഗം തലമുറകൾക്ക് ഒരു വലിയ പ്രചോദനമാണ്. എത്ര ക്ഷീണമുള്ള അവസ്ഥയിലും ആരാധന ഏറ്റവും ഹൃദ്യവും, മനോഹരവും ആക്കുന്നതിൽ അഭി.തിരുമേനി കാണിക്കുന്ന ശ്രദ്ധ അനുകരണീയമാണ്. ആരാധനയിൽ ഉള്ള ക്രമീകരണത്തിലും അതിന്റെ പങ്കാളിത്തത്തിലും തിരുമേനി വളരെ ശ്രദ്ധിച്ചു പ്രവർത്തിക്കുന്നത് കാണാം. പട്ടംകൊട പോലെ ഉള്ള ശുശ്രൂഷകൾ നടക്കുമ്പോൾ ഓരോരുത്തർക്കും ഉള്ള സ്ഥാനങ്ങൾ എന്ത്, ശുശ്രൂഷയിൽ നിർവഹിക്കുവാനുള്ള ഉത്തരവാദിത്വം എന്ത് എന്നിങ്ങനെ ഉള്ള കാര്യങ്ങളിൽ എല്ലാം തലേന്നു തന്നെ തിരുമേനി വേണ്ട ക്രമീകരണം നടത്താറുണ്ട്.

പ്രളയ ദുരിതത്തിൽ അകപ്പെട്ടു പോയ നമ്മുടെ ഭദ്രാസനത്തെ സംബന്ധിച്ചു ഏറ്റവും വലിയ ദുഃഖമായിരുന്നു അഭി. വലിയ തിരുമേനിയുടെ വിടവാങ്ങൽ മൂലം ഉണ്ടായിരിക്കുന്നത്. ചെങ്ങന്നൂർ ഭദ്രാസനത്തിന്റെ പ്രഥമ മെത്രാപ്പോലീത്ത എന്ന നിലയിൽ ഈ ഭദ്രാസനത്തിന്റെ സർവ്വോന്മുഖമായ വികസനത്തിന് തിരുമേനിയുടെ അക്ഷീണ പ്രവർത്തനം മുഖാന്തിരമായി എന്നതിൽ രണ്ടു പക്ഷമില്ല. വിദ്യാഭ്യാസ മേഖലയിൽ തിരുമേനിയുടെ സംഭാവന വിലമതിക്കാൻ ആവാത്തതാണ്. നമുക്ക് ഉണ്ടായ ഈ വിടവ് നികത്തുവാൻ കഴിയുന്നതല്ല എങ്കിലും ക്രിസ്തീയ പ്രത്യാശ നമ്മെ നയിക്കട്ടെ വി. പിതാക്കന്മാർക്ക് വാഗ്ദാനം ലഭിച്ച മോഹന വാസസ്ഥലത്തിനു നമ്മുടെ വലിയ തിരുമേനിക്കും അർഹത ലഭിക്കട്ടെ...

**ഡോ. മാത്യൂസ് മാർ തിമോത്തിയോസ് മെത്രാപ്പോലീത്ത**

*Prayerful* Remembrance



**T. T. VARGHESE & FAMILY**

Thompumkuzhiyil, Othera



# നിലപാടുകളിൽ നിശ്ചയദാർഢ്യവും, നിഷ്കളങ്കതയും കാട്ടിയ ഇടയൻ

ഫാ. മാത്യു ഏബ്രഹാം കാരയ്ക്കൽ (ഭദ്രാസന സെക്രട്ടറി)

സാധാരണ കാര്യങ്ങളെപ്പോലും വളരെ അസാധാരണമായി കാണുകയും, സംഭവിക്കാൻ ഇരിക്കുന്നവയെ മുൻകൂട്ടി ദർശിക്കുകയും അതനുസരിച്ച് പദ്ധതികൾ തയ്യാറാക്കുകയും ചെയ്തിരുന്ന ഒരു ശ്രേഷ്ഠാചാര്യനായിരുന്നു ഭാഗ്യസ്മരണാർഹനായ തോമസ് മാർ അത്താനാസിയോസ് തിരുമേനി. എന്നാൽ മുൻകൂട്ടി കണ്ടതിൽ എന്തെങ്കിലും പരാജയം സംഭവിച്ചാൽ പതറിപോകുന്ന സ്വഭാവവും അദ്ദേഹത്തിനുണ്ടായിരുന്നില്ല. കാലഘട്ടത്തിന്റെ ചുവരെഴുത്തുകളെ ഇത്രയധികം സൂക്ഷ്മമായി വിശകലനം ചെയ്ത് സാഹചര്യങ്ങളെ കോർത്തിണക്കി തന്റെ പ്രവർത്തനങ്ങൾ പ്രവർത്തിപഥത്തിൽ എത്തിക്കുവാൻ അദ്ദേഹം അക്ഷീണം പരിശ്രമിച്ചിരുന്നു.

വിദ്യാഭ്യാസത്തിന്റെ ശ്രേഷ്ഠതയും അനിവാര്യതയും തിരുമേനി എപ്പോഴും വിലമതിച്ചിരുന്നു. അതുകൊണ്ടുതന്നെയായിരിക്കും അദ്ദേഹത്തിന്റെ വിൽപത്രത്തിൽ രേഖപ്പെടുത്തിയതുപോലെ പരിശുദ്ധ സഭയുടെ വളർച്ചയ്ക്കും അഭിവൃദ്ധിക്കും വേണ്ടി അദ്ദേഹത്തിന്റെ പിതൃസഹോദരൻ പുത്തൻകാവിൽ കൊച്ചു തിരുമേനി തുടങ്ങി വച്ച ബേസിൽ സമൂഹത്തെ മുന്നിൽ കണ്ട് 'The Trust of the Society of St. Basil'എന്ന പേരിൽ ഇന്ത്യയുടെ വടക്കുപടിഞ്ഞാറൻ ഭാഗങ്ങളിൽ സഭയുടെ വളർച്ചയെ ലക്ഷ്യമാക്കി അദ്ദേഹം നിരവധി സ്കൂളുകൾ ആരംഭിച്ചത്. പരിശുദ്ധ സഭയുടെ വളർച്ചയും അഭിവൃദ്ധിയും ഈ സ്ഥാപനങ്ങളിലൂടെ ഉണ്ടാവണം എന്ന ചിന്ത നിശ്ചയമായും അദ്ദേഹത്തെ ഭരിച്ചിട്ടുണ്ടാവണം.

വിദ്യാഭ്യാസ സ്ഥാപനങ്ങളോടും വിദ്യാർത്ഥികളോടും ഉള്ള ആഭിമുഖ്യം എപ്പോഴും അഭിവന്ദ്യ പിതാവ് വച്ചു പുലർത്തിയിരുന്നു. അദ്ദേഹത്തിന്റെ സപ്തതി സ്മാരക ലോൺ സ്കോളർഷിപ്പിലൂടെ പ്ലസ് ടു കഴിഞ്ഞ നിരവധി കുട്ടികളാണ് ഉപരിപഠനം പൂർത്തിയാക്കിയിട്ടുള്ളത്. തന്നോടൊപ്പമുള്ള വൈദികർ തന്നെക്കാൾ പഠിച്ച് വളരണമെന്നും ഉന്നതരാവണമെന്നും എപ്പോഴും ആഗ്രഹിച്ചതുകൊണ്ട് വൈദീകരുടെ ഉന്നത വിദ്യാഭ്യാസത്തിന് പ്രത്യേകം ശ്രദ്ധിച്ചിരുന്നു. ചെങ്ങന്നൂർ ഭദ്രാസനത്തിലെ നിരവധി വൈദീകർ ഉന്നത വിദ്യാഭ്യാസം നേടി സഭാ ശുശ്രൂഷകളിൽ നിരവധി പദവികൾ വഹിക്കുന്നത് അദ്ദേഹത്തിന്റെ പ്രോത്സാഹനംകൊണ്ട് മാത്രമാണെന്ന് പലപ്പോഴും തോന്നിയിട്ടുണ്ട്.

വിദ്യാർത്ഥി സമൂഹത്തിൽ ഉണ്ടാകുന്ന ഓരോ അപചയങ്ങളും ശ്രദ്ധയോടെ വീക്ഷിച്ച് പരിഹാരം കാണുവാൻ ഗുരുവന്ദനം, വിദ്യാജ്യോതി, വ്യക്തിത്വ വികസന മാർഗ്ഗ നിർദ്ദേശക ക്ലാസ്സുകൾ തുടങ്ങിയ പല പദ്ധതികളും അദ്ദേഹം ഭദ്രാസനതലത്തിൽ തന്നെ ആവിഷ്കരിച്ചിരുന്നത് വിദ്യാഭ്യാസത്തോടും വിദ്യാർത്ഥികളോടുമുള്ള അദ്ദേഹത്തിന്റെ പ്രതിബദ്ധതയാണ് സൂചിപ്പിക്കുന്നത്. താൻ പഠിപ്പിച്ചതിനെ കുറിച്ചും പരിശീലിപ്പിച്ചതിനെ കുറിച്ചും തന്റെ സ്ഥാപനങ്ങളിലൂടെ വളർന്നു വലുതായവരെ കുറിച്ചും സംസാരിക്കുമ്പോൾ എപ്പോഴും വാചാലനായിരുന്നു അത്താനാസിയോസ് തിരുമേനി.

സഭാ സാമൂഹിക സാംസ്കാരിക രാഷ്ട്രീയ മേഖലകളിലെ മഹനീയ വ്യക്തിത്വങ്ങളുമായി ആത്മബന്ധം സ്ഥാപിക്കുന്നതിന് തിരുമേനിക്ക് ഒരു പ്രത്യേക കഴിവുണ്ടായിരുന്നു 'എന്റെ സഭ ലോകം മുഴുവനും അറിയപ്പെടണം', അതിന് ഈ ആത്മബന്ധങ്ങൾ സഹായകമാകും എന്ന് പലപ്പോഴും പറയുന്നത് കേൾക്കുവാൻ കഴിഞ്ഞിട്ടുണ്ട്. മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയുടെ പൈതൃകത്തെ കുറിച്ചും, തദ്ദേശികമായ ഒരു സഭയാണെന്നും, തദ്ദേശീയത തെളിയിക്കുന്ന സഭയുടെ അനുഷ്ഠാന രീതികളെ കുറിച്ചും, ദേവാലയ നിർമ്മിതികളിലെ പ്രത്യേകതകളെ കുറിച്ചും ഒക്കെ അദ്ദേഹം കണ്ടുമുട്ടിയ മഹത്‌വ്യക്തിത്വങ്ങളെ ബോധപൂർവ്വം മനസ്സിലാക്കി കൊടുത്തിട്ടുണ്ട് എന്നുള്ളതും തന്നെക്കാളുപരി സഭയെ ആ മഹത്‌വ്യക്തിത്വങ്ങളുടെ മനസ്സിൽ സ്ഥാനമുറപ്പിക്കാനുള്ള വലിയ ചിന്തയായി നമുക്ക് മനസ്സിലാക്കുവാൻ കഴിയും.

നിലപാടുകളിൽ കാർക്കശ്യ സ്വഭാവമുള്ള ഒരാളായിട്ടാണ് അഭിവന്ദ്യ പിതാവിനെ പലരും കണ്ടിട്ടുള്ളത്. ശരിയാണ്, എടുത്ത തീരുമാനങ്ങളിലും, നിലപാടുകളിലും ഉറച്ചു നിൽക്കുന്ന ഒരാളായിരുന്നു തിരുമേനി. പക്ഷെ നിലപാടുകളിൽ പോരായ്മകൾ സംഭവിച്ചിട്ടുണ്ട് എന്ന സ്വയം ബോധ്യപ്പെടുകയൊ മറ്റുള്ളവർ ബോധ്യപ്പെടുത്തുകയൊ ചെയ്താൽ നിഷ്കളങ്കതയോടെ തിരുത്തൽ വരുത്തുവാനും അദ്ദേഹം ശ്രദ്ധിച്ചിരുന്നു. പക്ഷെ ബോധ്യപ്പെടുത്തൽ വളരെ ആയാസകരമായ ഒന്നായിരുന്നു എന്നുള്ളതും അടുത്തു നിന്നിട്ടുള്ളവർക്ക് മനസ്സിലായിട്ടുള്ള ഒന്നാണ്. സഭാ സാമൂഹിക സാംസ്കാരിക, രാഷ്ട്രീയ കാര്യങ്ങളിലുള്ള അദ്ദേഹത്തിന്റെ നിലപാടുകൾ പലതും ചോദ്യം ചെയ്യപ്പെട്ടിട്ടുണ്ടെങ്കിലും എടുത്ത നിലപാടുകളിൽ ചില ശരികൾ ഉണ്ടായിരുന്നു എന്ന് കാലം നമ്മെയെല്ലാവരേയും ബോധ്യപ്പെടുത്തിയിട്ടുണ്ട് എന്നുള്ളത് ഒരു വസ്തുതയാണ്.



Prayerful Remembrance

**ACHENKUNJU JOHN & FAMILY**

**Valiyaveetil, Kurampala**



മാർ അത്താനാസിയോസ്

# അമർത്ത്യയാനം

...a journey beyond...

**ഫാ. ഏബ്രഹാം കോശി കുന്നുംപുറത്ത്**

അമർത്ത്യയാനം ഒരു യാത്രയാണ്. ഒരിക്കലും നിലയ്ക്കാത്ത യാത്ര. നിത്യതയിലും തുടരുന്ന യാത്ര. അത്താനാസിയോസ് എന്ന വാക്കിന്റെ അർത്ഥം 'അമർത്യൻ' മരണമില്ലാത്തവൻ എന്നാണ്. യാനം - യാത്രയാണ് നിലയ്ക്കാത്ത യാത്ര. 2008 ലാണ് ആദ്യമായി ഞാൻ ഗുജറാത്തിൽ പോകുന്നത്, തിരുമേനിയുടെ കർമ്മഭൂമിയായ ഗുജറാത്തിലെ പ്രവർത്തനമണ്ഡലങ്ങൾ ചിത്രീകരിക്കുകയെന്നതായിരുന്നു യാത്രയുടെ ലക്ഷ്യം. അന്ന് മഹാരാഷ്ട്രയുടെ അതിർത്തി പ്രദേശമായ വാപ്പി മുതൽ രാജസ്ഥാന്റെ അതിർത്തിയായ മേഹ്സാന വരെ ഗുജറാത്ത് സംസ്ഥാനത്തിന്റെ ഗ്രാമഗ്രാമാന്തരങ്ങളിലൂടെയും പട്ടണങ്ങളിലൂടെയും തിരുമേനിയോടൊപ്പം അദ്ദേഹം പ്രാരംഭം കുറിച്ച പള്ളികളിൽ നേരിട്ടു പോയി ചിത്രീകരിച്ചു. അത് വലിയ ഒരു അനുഭവം ആയിരുന്നു. അദ്ദേഹം പ്രാരംഭം കുറിച്ച ഓരോ ഇടവകകളിലും കടന്നു ചെന്നപ്പോഴും അവർ നൽകിയ ഹൃദയപൂർവ്വമായ സ്വീകരണങ്ങൾ കാട്ടിയ സ്നേഹപ്രകടനങ്ങൾ എല്ലാം മനസ്സു നിറയെ നേരിൽ കണ്ടു.

ആ യാത്രയിൽ തിരുമേനിയുടെ ആറ് സ്കൂളുകൾ അവയുടെ പ്രവർത്തനങ്ങൾ അവയുടെ സ്ഥാപന ലക്ഷ്യങ്ങൾ, അവ സ്ഥാപിക്കപ്പെട്ടിരിക്കുന്ന ഇടങ്ങൾ എല്ലാം വളരെ പ്രത്യേകതകൾ നിറഞ്ഞതായിരുന്നു. പ്രത്യേകിച്ച് ഹലോൾ എന്ന സ്ഥലത്ത് അദ്ദേഹത്തിന്റെ ഗുജറാത്തിലെ ആസ്ഥാനം അതിനോട് ചേർന്നുള്ള സ്കൂൾ അതിന്റെ പിന്നിലായി വച്ചുപിടിപ്പിച്ചിരിക്കുന്ന മരങ്ങൾ അതിന് ഇടയിലേക്ക് കൈ ചൂണ്ടി അദ്ദേഹം പറഞ്ഞു, "അച്ചാ ഞാൻ ഇവിടെ ഒരു പർണശാല പണിയും തന്റെ അവസാന നാളുകളിൽ ഒരു യോഗിയെ പോലെ അതിൽ ഞാൻ ചിലവഴിക്കും."

2008-ൽ ഡോ. എം. കുര്യൻ തോമസ് തയ്യാറാക്കിയ വിശ്വസ്ഥനും കാര്യസ്ഥനും എന്ന ഡോക്യുമെന്ററിക്കു വേണ്ടിയുള്ള ചിത്രീകരണമായിരുന്നു ആ യാത്ര. 2018 ഏപ്രിൽ ജന്മദിനം ആഘോഷിച്ചപ്പോൾ തിരുമേനി ആ പഴയ യാത്രകൾ വീണ്ടും എന്നെ ഓർപ്പിച്ചു. അതുപോലെ ഒന്നുകൂടി ചിത്രീകരിക്കണം എന്ന് എന്നോട് ആവശ്യപ്പെട്ടു. കാരണം പുതിയ സ്കൂൾ കെട്ടിടങ്ങളും സ്ഥാപനങ്ങളും ഉൾപ്പെടുത്തി പുതിയ ഒരു ഡോക്യുമെന്ററി നിർമ്മിക്കണം എന്ന് ആവശ്യപ്പെട്ടു. അതിനായി ഒരു യാത്ര കൂടി പോകണമെന്നു പറഞ്ഞിരുന്നതാണ്. എന്നാൽ ആ ആഗ്രഹം സഫലീകരിക്കുവാൻ ഭൗതീക ജീവിതത്തിൽ കഴിഞ്ഞില്ല.

2018 ൽ അഭിവന്ദ്യ തിരുമേനി കാലം ചെയ്തു കഴിഞ്ഞപ്പോൾ ഈ ആഗ്രഹത്തെക്കുറിച്ച് ബഹു. ഭദ്രാസന സെക്രട്ടറി മാത്യു ഏബ്രഹാം അച്ചനോട് പറഞ്ഞപ്പോൾ തിരുമനസ്സിന്റെ 40-ാം അടിയന്തരത്തോട് ചേർന്ന് അത് നിർമ്മിക്കാം എന്നു പറഞ്ഞു. അങ്ങനെ 2018 സെപ്റ്റംബർ മാസം 11-ാം തീയതി യാത്ര തിരിച്ച് അഭിവന്ദ്യ തിരുമേനിയുടെ പാദമുദ്രകളെ പിൻപറ്റി അദ്ദേഹത്തിന്റെ ശ്രമഫലമായി ആരംഭിച്ച ഇടവകകളിൽ കടന്നു ചെന്ന് ചിത്രീകരിക്കുവാൻ സാധിച്ചു. തിരുമേനിയുടെ ഉറ്റ സുഹൃത്തായ കൊക്കാപറമ്പിൽ ശ്രീ. കെ.സി. വർഗീസാണ് ഇതിനു വരുന്ന മുഴുവൻ ചിലവും വഹിച്ചത്.

കുട്ടംപേരൂർ സ്വദേശി ശ്രീ. ജോജി മാത്യു ചിത്രീകരണവും പ്രസിദ്ധ ഡബ്ബിംഗ് ആർട്ടിസ്റ്റ് പ്രൊഫ. അലിയാർ കുഞ്ഞ് ശബ്ദവും, ആറ്റുവ സ്വദേശിയും ഇപ്പോൾ ദുബായിൽ സംഗീതജ്ഞനായി പ്രവർത്തിക്കുന്ന ശ്രീ. സാം തോമസ് പശ്ചാത്തലസംഗീതവും ഒരുക്കുന്ന അമർത്യയാഗം ബഥേൽ ക്രിയേഷൻസാണ് പുറത്തുകൊണ്ടുവരുന്നത്.

കർമ്മഭൂമിയിൽ നിന്നും സ്വപ്നഭൂമിയിലേക്ക്, യിസ്രായേലിന്റെ പ്രവാചകനായ ഏലിയായെ അഗ്നി അശ്വരഥങ്ങളിൽ സ്വർഗ്ഗത്തിലേക്ക് സ്വീകരിച്ചതുപോലെ. യാത്രകളോരോന്നും ഹരമായി കരുതിയ തിരുമേനിയുടെ യാത്ര ചക്രവാള സീമകൾക്കപ്പുറത്തും നിത്യമായി തുടരുന്നു.



YOUTUBE

**MAR ATHANASIOS AMARTHYAYANAM**

https://www.youtube.com/watch?v=sZPpio19XtU

*In Loving Memory of*

# THOMAS MAR ATHANASIOS METROPOLITAN

## *The Wind Beneath Our Wings*



**Family of Late T S Simon, Thengumthottathil, Ranny**

**Gracy Simon, Vinod Simon, Susan Elias, Elizabeth Thomas and their families, Chennai**



# നിശ്ചയദാർഢ്യത്തിന്റേയും ദീർഘവീക്ഷണങ്ങളുടെയും പ്രതീകം

ഫാ. സ്റ്റീഫൻ വർഗ്ഗീസ് കുടശ്ശനാട്
(OCYM മുൻ കേന്ദ്ര ജനറൽ സെക്രട്ടറി)

അഭി. തോമസ് മാർ അത്താനാസിയോസ് തിരുമേനി കാലയവനികകൾക്കുള്ളിൽ മറഞ്ഞിട്ട് ഒരു വർഷം പിന്നിടുന്നല്ലോ. ഈ ലോകത്ത് ജീവിച്ച നാളിൽ, വന്ദ്യപിതാവ് മലങ്കര സഭയുടെ സ്വത്വബോധം ഉയർത്തിപിടിക്കുന്നതിൽ അക്ഷീണം പ്രയത്നിച്ച നാൾവഴികളുടെ ചരിത്രമാണ് ജീവിതകാണ്ഡത്തിൽ നിന്ന് നമുക്ക് മനസ്സിലാക്കാനുള്ളത്. ചെങ്ങന്നൂർ ഭദ്രാസനത്തിന്റെ വളർച്ചയ്ക്ക് നേതൃത്വം നൽകി, സമൂഹത്തിൽ വിവിധ മേഖലകളിൽ തന്റേതായ കയ്യൊപ്പ് പതിപ്പിച്ച സാധാരണക്കാരിൽ ഒരാളായ തിരുമേനി, അസാധാരണമായ വ്യക്തിത്വം കാത്തുസൂക്ഷിച്ചു. ഒരു കൊച്ചുകുട്ടിയുടെ മുതൽ പ്രായമായവർ വരെയുള്ള ഏവരെയും നിരീക്ഷിക്കാനും, പ്രകൃതിയെ പോലും നിരീക്ഷിച്ച് അവയിൽ നിന്ന് പാഠങ്ങൾ ഉൾക്കൊള്ളാൻ തിരുമേനിക്ക് പ്രത്യേകമായ കഴിവുണ്ടായിരുന്നു എന്നത് പ്രത്യേകം സ്മരിക്കട്ടെ. ഏതൊരു വ്യക്തിയേയും പ്രോത്സാഹിപ്പിക്കുന്ന വ്യക്തിത്വം. ഏവരുടെയും നന്മയെ ഉൾക്കൊള്ളാൻ കഴിയുന്ന വിശാലമായ മനസ്സിന്റെ ഉടമ. എന്നിങ്ങനെ ഒട്ടേറെ ഗുണങ്ങൾ ഉണ്ടായിരുന്ന ഒരു സ്മൃതി പുരുഷന്റെ ഓർമ്മപെരുന്നാളിലാണല്ലോ നാം കൂടി വന്നിരിക്കുന്നത്.

അഭിവന്ദ്യ പിതാവിന് വിശേഷണങ്ങൾ ഏറെയാണ്:

- രാഷ്ട്രീയത്തെ രാഷ്ട്രത്തിന്റെ നന്മയ്ക്കായി ഉപയോഗിച്ച പിതാവ്, അതിലൂടെ 'എന്റെ സഭ' ഉയരണം എന്നാഗ്രഹിച്ച തിരുമേനിയുടെ ധീക്ഷണാശൈലി.
- വിദ്യാഭ്യാസം മനുഷ്യന്റെ പുരോഗതിക്ക് അടിസ്ഥാനശില എന്ന് ഉറച്ച് വിശ്വസിച്ച പിതാവ് ഗ്രാമങ്ങളിൽ വിദ്യാലയങ്ങൾ സ്ഥാപിച്ച് സാധാരണ മനുഷ്യരെ അസാധാരണമായ വ്യക്തികളാക്കി മാറ്റിയ വിദ്യാഭ്യാസ വിചക്ഷണൻ.
- 'എന്റെ സഭ' എപ്പോഴും സമൂഹത്തിൽ മുൻപന്തിയിൽ നിൽക്കണം എന്ന് സ്വപ്നം കണ്ട് പ്രവർത്തിച്ച മലങ്കര സഭയുടെ പ്രൗഢതേജസ്സ്.
- 'എന്നെക്കാൾ ഏറെ എന്റെ വൈദീകർ പഠിച്ച് കാണണം' എന്ന് ആഗ്രഹിക്കുകയും അതിൽ ഏവരെയും പ്രോത്സാഹിപ്പിക്കുകയും ചെയ്ത- പ്രചോദനത്തിന്റെ പിതാവ്.
- ഉറച്ച തീരുമാനങ്ങൾ എടുത്ത് വെല്ലുവിളികളെ സധൈര്യം നേരിട്ട നിശ്ചയദാർഢ്യത്തിന്റെ കാവൽക്കാരൻ.

അങ്ങനെ വിശേഷണങ്ങൾ ഏറെയാണ് ഈ പിതാവിന്. പ്രൗഢമായി നടന്നിരുന്നു എങ്കിലും, സ്വകാര്യജീവിത്തിൽ ലാളിത്യത്തോടെ ജീവിച്ച പിതാവാണ് അഭി. തിരുമേനി. 80 വയസ്സ് കഴിഞ്ഞിട്ടും തന്റെഉത്തരവാദിത്വങ്ങളിൽ നിന്ന് അലസമായിരിപ്പാൻ തിരുമേനിക്ക് മനസ്സ് വന്നിട്ടില്ല. തന്റെ ചുമതലകൾ നിർവ്വഹിക്കുന്നതിനായി യാത്രകൾ ചെയ്യുന്നതിനും, ആലോചനസമിതികളിൽ ഏറ്റെടുക്കുന്നതിനും, അവിടെയൊക്കെ സ്വന്തമായ ഒരു അഭിപ്രായം രൂപപ്പെടുത്തി എടുക്കുന്നതിനും തിരുമേനിക്ക് സാധിച്ചു.

ആരാധനരീതികൾ വളരെ ആഢ്യത്തത്തോടെ നടത്തി പൂർത്തീകരിക്കാനുള്ള കഴിവ് വളരെ അസൂയാവഹമാണ്. എപ്പോഴും ഒരു മുന്നൊരുക്കം ഓരോ കൂദാശയ്ക്ക് വേണ്ടിയും തിരുമേനി നടത്തുന്നത് കാണുവാൻ കഴിഞ്ഞിട്ടുണ്ട്. പ്രത്യേകിച്ച് പട്ടംകൊട ശുശ്രൂഷകൾ ഒക്കെ എത്ര ഭംഗിയായിട്ടാണ് പൂർത്തീകരിക്കുന്നത്.

ഏവരുടെയും കഴിവുകൾ കണ്ടറിഞ്ഞ് പ്രോത്സാഹിപ്പിക്കാനും, അതിൽ അവർക്ക് എത്രത്തോളം വളരാൻ സാധിക്കുമോ- അത്രോത്തോളം വളർത്തുവാൻ വേണ്ടുന്ന ഉത്തേജനവും, പ്രോത്സാഹനവും തരുന്ന ഒരു പിതാവായിരുന്നു. അഭി. തിരുമേനി. എളിയവനായ എനിക്കും അഭിവന്ദ്യ തിരുമേനിയുടെ പ്രോത്സാഹനം ആവോളം ലഭിച്ചു. യുവജനപ്രസ്ഥാനത്തിന്റെ കേന്ദ്ര ജനറൽ സെക്രട്ടറിയാകുവാനും കഴിഞ്ഞത് തിരുമേനിയുടെ അതിരറ്റ വാത്സല്യവും അനുഗ്രഹവും കൊണ്ടാണ് എന്ന് ഉറച്ച് വിശ്വസിക്കുന്നു.

അങ്ങനെ അനേകർക്ക് തിരുമേനി എല്ലാം എല്ലാമായിരുന്നു. തിരുമേനി കാലം ചെയ്തിട്ട് ഒരു വർഷം പിന്നിടുമ്പോൾ വന്ദ്യ പിതാവിന്റെ എല്ലാ നല്ല ഗുണഗണങ്ങളെയും അനുസ്മരിച്ച്, പ്രണാമം അർപ്പിച്ച്, തിരുമേനിയുടെ പ്രാർത്ഥനയിൽ സങ്കേതം പ്രാപിക്കാം.







## Prayerful Remembrance

12.07.1986 L. L. Daniel Mar Philoxenos & L. L. Thomas Mar Athanasios officiated the funeral ceremony of Late C. George, Thundathilvadakkethil (Rtd. Teacher & Sunday School Headmaster) at St. Stephens Orthodox Cathedral Kudassanad

---

**George Varghese**, Rtd. H.S. Head Master
**Er. George Joseph**,
Rtd. Asst. General Manager Visakhapattanam Steel plant
**George Thomas** (Diocesan Member) C.G. Stores, Kudassanad
**George T. Jacob**, Doha Qatar
**George Philip** Gujarat Refinary HSS, Baroda

---

**Jerome Villa,**
**Kudassanad P.O., Pandalam**



# പൊൻതൂവൽ ശേഷിപ്പിച്ച്

**ഫാ. ഐപ്പ് പി. സാം**
(ചീഫ് എഡിറ്റർ ബഥേൽ പത്രിക)

പാക്കിസ്ഥാന് കടംപെട്ടിരുന്ന 55 കോടി രൂപ ഇന്ത്യ ഗവൺമെന്റ് തടഞ്ഞതിനെ എതിർത്തുകൊണ്ടും വർഗ്ഗീയ ലഹളയ്ക്കെതിരെ ശബ്ദമുയർത്തിക്കൊണ്ടും മഹാത്മാഗാന്ധി 1948 ജനുവരി 13-ന് ഉപവാസമാരംഭിച്ചു. ഒരു സംഘം ഹിന്ദുക്കളും സിക്കുകാരും അദ്ദേഹത്തെ കാണാൻ വന്നു. അവരിലൊരാൾ ആക്രോശിച്ചു. 'അങ്ങു ഞങ്ങൾക്കു വേണ്ടത്ര ദ്രോഹം ചെയ്തു. അങ്ങു ഞങ്ങളെ നശിപ്പിച്ചു. ഞങ്ങളെ തനിയെ വിടുക. അങ്ങിനി ഹിമാലയത്തിലേക്ക് വിരമിക്കണം.' ഇതു ഗാന്ധിയെ സ്തബ്ധനാക്കി. അന്നു വൈകിട്ട് പ്രാർത്ഥനായോഗത്തിൽ ഗാന്ധി പറഞ്ഞു 'ആരു പറയുന്നതാണ് ഞാൻ കേൾക്കേണ്ടത് ? ചിലർ ഞാനിവിടെ നിന്നു പോകണമെന്ന് പറയുന്നു. മറ്റുചിലർ ഞാനിവിടെ പാർക്കണമെന്നും.' മൃദുസ്വരത്തിൽ അദ്ദേഹം തുടർന്നു. ദൈവം ആജ്ഞാപിക്കുന്നത് ഞാൻ ചെയ്യുന്നു. അസ്വാസ്ഥ്യത്തിനു നടുക്കു ഞാൻ സമാധാനം തേടുന്നു. എന്റെ ഹിമാലയങ്ങൾ ഇവിടെയാണ്. ഗ്രീക്ക് തത്വചിന്തകനായ നിക്കോസ് കസന്ത് സാക്കിസ് പറയുന്നു. താൻ ജീവിക്കുന്ന കാലത്തെ എതിരിടുകയാണു സ്വതന്ത്രനായ മനുഷ്യന്റെ ചുമതല.

2017 ജൂലൈ 3-ന് മലങ്കരസഭയ്ക്ക് അനുകൂലമായ സുപ്രധാന വിധി സുപ്രീം കോടതിയിൽ നിന്നുണ്ടായി. മലങ്കരസഭയുടെ ശാശ്വത സമാധാനം അഭി. അത്താനാസിയോസ് തിരുമേനി ബാക്കി വച്ച സ്വപ്നമായിരുന്നു യോജിക്കേണ്ടും സമയമിതാ എന്ന ഗ്രന്ഥം പ്രസിദ്ധീകരിക്കുന്നതിന് പ്രചോദനം നൽകി. 2017 നവംബർ 1 മുതൽ സഭയുടെ യോജിപ്പ് കാണുന്നതുവരെയും സസ്യാഹാരം (Vegetarian) മാത്രം തനിക്കു മതി എന്ന പ്രതിജ്ഞയോടെ 'ഒറ്റയാൾവ്രതം' ആരംഭിച്ചു. ലഭിച്ച അവസരങ്ങളൊക്കെ മലങ്കരസഭ ഭാരതത്തിലെ ദേശീയസഭയായി സമുന്നത നിലവാരം പുലർത്തേണ്ടതിന്റെ ആവശ്യകത സ്പഷ്ടമാക്കി. ഭാരതത്തിൽ അന്തച്ഛിദ്രം മൂലം പാഴ്സികൾക്ക് സംഭവിച്ചത് സമുക്ക് സംഭവിക്കരുതെന്ന മുന്നറിയിപ്പ് നൽകി.

ദസ്തയേവസ്കിയെക്കുറിച്ച് ഒരു സങ്കീർത്തനംപോലെ എന്ന നോവലിൽ പെരുമ്പടവം ശ്രീധരൻ കുറിച്ചിട്ടിരിക്കുന്നു. ദസ്തയേവസ്കിയുടെ ഹൃദയത്തിനുമേൽ ദൈവത്തിന്റെ കൈയ്യൊപ്പുണ്ടെന്ന് ഒരിക്കൽ തന്റെ പിതാവ് പറഞ്ഞത് അന്ന ഓർത്തു. അതില്ലാത്ത ഒരാൾക്ക് അത്രമേൽ ഹൃദയസ്പർശിയായി ഇങ്ങനെയൊക്കെ എഴുതാൻ കഴിയുമോ? ഈ വാക്കുകൾ അത്താനാസിയോസ് തിരുമേനിയെ സംബന്ധിച്ചും ഏറെ അർത്ഥഗർഭമാണ്. ഹൃദയത്തിനുമേൽ ദൈവത്തിന്റെ കൈയ്യൊപ്പുള്ള ഒരു ഇടയസങ്കീർത്തനമായിരുന്നു ചെങ്ങന്നൂരിന്റെ പ്രഥമ ഇടയന്റേത്. അതുകൊണ്ടുതന്നെ ആ ഹൃദയത്തിൽ നിന്നും ഉതിർന്നുവീണ ഓരോ വാക്കിലും അമർത്ത്യയുടെ സംഗീതം ഉണ്ടായിരുന്നു.

ആദർശലോകത്തേക്ക് കണ്ണുയർത്തി നോക്കിനിൽക്കുകയും നമുക്ക് ആ ലോകം കാണിച്ചുതരുകയും ചെയ്ത തിരുമേനി വളയാത്ത നട്ടെല്ലിന്റെ ഉടമയായിരുന്നു. ആദർശത്തിന്റെ ആകാശത്ത് ചിറകടിച്ച് പറന്നുയർന്ന പിതാവ് വാക്കിലും പ്രവർത്തിയിലും മിതത്വം പുലർത്തി. എന്നെ കാണേണ്ടവർ എന്റെ ഓഫീസിൽ വരണമെന്ന വേറിട്ട ശബ്ദത്തിന്റെ ചിറകടിയൊച്ചകൾ ഈ ലോകത്തിലെ അപശബ്ദങ്ങൾക്കിടയിലൂടെ നമ്മുടെ കർണ്ണപുടത്തിലും വന്നു പതിഞ്ഞു.

അത്താനാസിയോസ് തിരുമേനിയുടെ നിരീക്ഷണപാടവം അപാരമായിരുന്നു. കണ്ണുണ്ടായാൽ പോരാ കാണണം എന്ന ആഹ്വാനം കാഴ്ചപ്പാടുകളുടെ ഒരു പുതിയ ലോകത്തേക്ക് നമ്മെ കൈപിടിച്ചുയർത്തും. ദേവാലയ നിർമ്മിതിയുടെ കാര്യങ്ങളിൽ, അതിന്റെ ആന്തരീക ക്രമീകരണങ്ങളിൽ ഇടവകയുടെ ഭരണസംവിധാനങ്ങളിൽ ഒരു ചെടി നടുമ്പോൾ പോലും ചരടു പിടിച്ച് അകലം തുല്യമാക്കുന്നതിൽ അദ്ദേഹം ശ്രദ്ധാലുവായിരുന്നു. ഒരു പക്ഷി ഇവിടെ ജീവിച്ചിരുന്നു എന്നറിയാൻ ഒരു തൂവൽ ശേഷിപ്പിച്ചാൽ മതി. നിയോഗം ഏറ്റുവാങ്ങിയ ഇടങ്ങളിലെല്ലാം ഓരോ പൊൻതൂവൽ ശേഷിപ്പിച്ചാണ് പിതാവ് നമ്മോടു വിട ചൊല്ലിയത്.

# മാർ അത്താനാസിയോസ് എക്സലൻസ് പ്രഥമ അവാർഡ്



**അഭിവന്ദ്യ കുറിയാക്കോസ് മാർ ക്ലീമ്മീസ് മെത്രാപ്പോലീത്തായ്ക്ക്.**

1936 ജൂലൈ 26-ാം തീയതി നെല്ലിക്കൽ പെരുമേത്ത് മണ്ണിൽ പി. കെ. മത്തായിയുടെയും ശോശാമ്മയുടെയും നാലു മക്കളിൽ ഒരുവനായി ജനിച്ച പി.എം. കുറിയാക്കോസ്, കോയിപ്രം ഗവൺമെന്റ് ഹൈസ്ക്കൂളിലും, ഇടയാറന്മുള എ.എം.എം. ഹൈസ്ക്കൂളിലും പ്രാഥമിക വിദ്യാഭ്യാസം പൂർത്തിയാക്കിയതിനു ശേഷം 1953-ൽ 17-ാം വയസ്സിൽ കോട്ടയം എം.ഡി. സെമിനാരിയിൽ നിന്ന് വൈദിക വിദ്യാഭ്യാസം നേടി. 1957-ൽ പത്തനംതിട്ട ബേസിൽ ദയറായിൽ, കാലം ചെയ്ത ദാനിയേൽ മാർ പീലക്സീനോസ് തിരുമേനിയോടൊപ്പം താമസം ആരംഭിച്ചു. 1953-ൽ, യൗപ്പ്ദക്കിയോനോ പട്ടം സ്വീകരിച്ചതിനു ശേഷം 6 വർഷക്കാലം, ബേസിൽ ദയറായിൽ താമസിച്ചു. ഈ കാലയളവിൽ PUC, B.Sc., B.Ed. ബിരുദങ്ങൾ സമ്പാദിച്ചു. 1961-62 കാലയളവിൽ തനിക്ക് ഒരു അവിവാഹിത പട്ടക്കാരനാകണമെന്നുള്ള ആഗ്രഹം ശക്തമാകുകയും 1964 മാർച്ച് 15-ന് വൈദികനാവുകയും ചെയ്തു. കുണ്ടറ MGD, പത്തനംതിട്ട കാതോലിക്കേറ്റ് ഹൈസ്ക്കൂൾ എന്നിവിടങ്ങളിൽ അദ്ധ്യാപകനായി പ്രവർത്തിച്ചു. ഈ കാലഘട്ടത്തിലാണ് (1967-1969) ബോട്ടണിയിൽ ബിരുദാനന്തരബിരുദം കരസ്ഥമാക്കിയത്. തുടർന്ന് പത്തനംതിട്ട കാതോലിക്കേറ്റ്, കോട്ടയം ബസ്സേലിയോസ് എന്നീ കോളേജുകളിൽ അദ്ധ്യാപകനായി സേവനം അനുഷ്ഠിച്ചു.

കാർഷികവൃത്തിയിൽ തന്റെ മാതാപിതാക്കളുടെ താൽപ്പര്യവും, സെമിനാരി വിദ്യാഭ്യാസ കാലഘട്ടത്തിൽ പൂന്തോട്ട പരിപാലനത്തിൽ മാത്യൂസ് പ്രഥമൻ ബാവാതിരുമേനിയുടെ താൽപ്പര്യവും പ്രകൃതിയോടുള്ള തന്റെ അടുപ്പത്തിനു കാരണമായി. കൂടാതെ കോളേജ് ക്ലാസ്സുകളിൽ തന്റെ പ്രധാന വിഷയവും പ്രകൃതി പരിപാലനം (ecology) ആയിരുന്നു. പ്രകൃതിയോടും പക്ഷിമൃഗാദികളോടുമുള്ള തന്റെ സ്നേഹവും പരിപാലനവും പ്രത്യേകം പ്രസ്താവ്യമാണ്. മാത്രമല്ല വൃദ്ധജനങ്ങളോടുള്ള തന്റെ സ്നേഹപൂർവ്വമായ പരിചരണത്തിന് ഉത്തമദൃഷ്ടാന്തമാണ് വെച്ചൂച്ചറയിലുള്ള മേഴ്സിഹോം.

1989-ലെ മലങ്കര ക്രിസ്ത്യൻ അസ്സോസിയേഷനിൽ, പി. എം. കുറിയാക്കോസച്ചന്റെ പേരും മേൽപ്പട്ട സ്ഥാനത്തേക്ക് ഉണ്ടെന്നുള്ള വിവരം, തന്റെ ഒരു സ്നേഹിതൻ തിരുമേനിയോടു പറയുന്ന വേളയിൽ 'അയ്യോ, എന്റെ പേരോ' എന്നു ചോദിക്കുന്ന ഒരു തിരുമേനി ഏവർക്കും മാതൃകായോഗ്യനാണ്. ആത്മസംതൃപ്തിയും, സന്തോഷവും നൽകിയ ഒരു കാലഘട്ടമാണ് 18 വർഷത്തെ സുൽത്താൻ ബത്തേരിയിലെ തന്റെ ശുശ്രൂഷാ കാലഘട്ടമെന്ന് എന്നോടു പറയുകയുണ്ടായി. ഈ 18 വർഷവും താൻ ഇലക്ട്രിക് ഫാൻ ഉപയോഗിച്ചിരുന്നില്ലാ എന്ന് പ്രത്യേകം സൂചിപ്പിച്ചു.

ഒരു കാലഘട്ടത്തിൽ ബേസിൽ ദയറായിൽ ബാബുവായി ഉണ്ടായിരുന്ന അത്താനാസിയോസ് തിരുമേനിയുമായി, നിങ്ങൾ അറിയാത്ത ഒരു വലിയ സ്നേഹബന്ധമായിരുന്നു ഞങ്ങൾക്കുണ്ടായിരുന്നതെന്ന് തിരുമേനി എന്നോടു പറഞ്ഞപ്പോൾ, പ്രകൃതി സ്നേഹിയായ സ്മര്യപുരുഷനായ മാർ അത്താനാസിയോസ് തിരുമേനിയുടെ ഒരു ഉപഹാരമാണ് പ്രകൃതിസ്നേഹിയായ അഭിവന്ദ്യ ക്ലീമ്മീസ് തിരുമേനിക്ക് ലഭിക്കുന്ന ഈ പ്രഥമ അവാർഡ് എന്നു ഞാൻ പറഞ്ഞു. ലാളിത്യം നിറഞ്ഞ, വിദ്യാഭ്യാസ വിചക്ഷണനായ അഭിവന്ദ്യ ക്ലീമ്മീസ് തിരുമേനി ഈ അവാർഡിന് തികച്ചും യോഗ്യനാണ്.

***(അഭിവന്ദ്യ തിരുമേനിയുമായി റവ.ഫാ.മാത്യു വർഗീസ് പുളിമൂട്ടിൽ നടത്തിയ അഭിമുഖത്തിൽ നിന്നും)***














**MALANKARA ORTHODOX SYRIAN CHURCH**
Diocese of Chengannur
Bethel Aramana, PB No. 38 Chengannur - 689 121
Ph: 0479 2451331, Mob: 8848400564
bethelaramana@gmail.com

crayons media |+91 9495901381